**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1648** | **08.06.2018 ൽ മറുപടിയ്ക്ക്**

## മാവ് കർഷകരെ സഹായിക്കുന്നതിനുള്ള പദ്ധതികൾ

| ചോദ്യം<br>ശ്രീ.കെ. ബാബു | മറുപടി<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| പാലക്കാട് ജില്ലയിലെ മുതലമടപഞ്ചായത്തിലേയും സമീപ പഞ്ചായത്തിലേയും മാവ് കർഷകരെ സഹായിക്കുന്നതിനായി നടപ്പിലാക്കാൻ പോകുന്ന പദ്ധതികളുടെ വിശദാംശം നൽകുമോ? | പാലക്കാട് ജില്ലയിലെ മുതലമട പഞ്ചായത്തിലെയും സമീപ പഞ്ചായത്തിലെയും മാവ് കർഷകരെ സഹായിക്കുന്നതിനായി ബഹുമാനപ്പെട്ട നെന്മാറ എം.എൽ.എ ശ്രീ. കെ.ബാബു അവർകളുടെ അദ്ധ്യക്ഷത'യിൽ ബഹുമാനപ്പെട്ട കൃഷി വകുപ്പ മന്ത്രി പങ്കെടുത്ത് ഉന്നത തല യോഗം നടത്തുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ഏകദേശം 8 കോടി രൂപയുടെ വിവിധങ്ങളായ പദ്ധതികൾ സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ പദ്ധതി മുഖാന്തിരം മുതലമട പഞ്ചായത്തിലും സമീപ പഞ്ചായത്തുകളിലുമായി നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>• ആർ.കെ.വി.വൈ (രാഷ്ട്രീയ കൃഷി വികാസ് യോജന) പദ്ധതിയിൽ ഉൾപ്പെടുത്തി 275 ലക്ഷം (ഇരുന്നൂറ്റി എഴുപത്തി അഞ്ചു ലക്ഷം രൂപ) രൂപയുടെ വിവിധങ്ങളായ പ്രവർത്തനങ്ങൾ.<br><br>• പി.കെ.വി.വൈ (പരമ്പരാഗത കൃഷി വികാസ് യോജന) പദ്ധതിയിൽ ഉൾപ്പെടുത്തി 175 ലക്ഷം (നൂറ്റിയെഴുപത്തിയഞ്ചു ലക്ഷം രൂപ) രൂപയുടെ വിവിധ പ്രവർത്തനങ്ങൾ. |

- പി.എം.കെ.വൈ.എസ് (പ്രധാൻമന്ത്രി കൃഷി സീൻഞ്ചായി യോജന) പദ്ധതിയിൽ ഉൾപ്പെടുത്തി 50 ലക്ഷം രൂപയുടെ ജലസേചന പദ്ധതികൾ.
- എം.ഐ.ഡി.എച്ച് (മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ) പദ്ധതിയിൽ ഉൾപ്പെടുത്തി 2 കോടി രൂപയ്ക്ക് വിത്തു മുതൽ വിപണനം വരെയുള്ള വിവിധ പദ്ധതികൾ, ഡെവലപ്മെന്റ് ഓഫ് ഫ്രൂട്ട്സ്, ഫ്ലവർ ആന്റ് മെഡിസിനൽ പ്ലാന്റ്സ് പദ്ധതിയിൽ ഉൾപ്പെടുത്തി മാങ്ങ കൃഷിയുടെ ഉന്നമനത്തിനായി 1 കോടി രൂപയുടെ വിവിധ പദ്ധതികൾ.
- വി.എഫ്.പി.സി.കെ മുഖാന്തിരം മുതലമടയിൽ കാലാവസ്ഥ നിരീക്ഷണ കേന്ദ്രം
- എസ്.എച്ച്.എം പദ്ധതിയിൽ ഉൾപ്പെടുത്തി മുതലമടയിൽ പ്ലാന്റ് ഹെൽത്ത് ക്ലിനിക്
- ആത്മയുടെ നേതൃത്വത്തിൽ ഫാം സ്കൂൾ
- മുതലമട ഫാമിൽ മാംഗോ ഹബ്ബിനായി അഗ്രോപാർക്ക് സ്ഥാപിക്കൽ.

Mayap

**സെക്ഷൻ ഓഫീസർ**